**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1346** **19-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരത്തിലെ കാനകളും ഓടകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര കാനകളും ഓടകളും ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ നഗരത്തിൽ 119 റോഡുകളിൽ ഓടയുണ്ട്. ഇതിൽ വെള്ളക്കെട്ട് ഉണ്ടാകുന്ന ഭാഗങ്ങളിലെ 76 റോഡുകളിൽ ഓടകൾ ശുചിയാക്കി. 22 റോഡുകളിലെ ഓടകൾ മറ്റ് Project കളിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്നു. 21 റോഡുകളിൽ നിലവിൽ ഓടകൾ തടസ്സമില്ലാതെ പ്രവർത്തനക്ഷമമാണ്. മഴക്കാല ശുചീകരണ പ്രവൃത്തികൾ റണ്ണിംഗ് കോൺട്രാക്റ്റ് പ്രവൃത്തികളിൽ ഉൾപ്പെടുത്തി നവീകരിച്ചു വരുന്നതിനാൽ ബിൽ തയ്യാറാക്കുന്ന മുറക്ക് മാത്രമേ ചിലവാകുന്ന തുക അറിയുവാൻ കഴിയൂ. നിരത്ത് പരിപാലന വിഭാഗത്തിന് കീഴിൽ തിരുവനന്തപുരം നഗരത്തിൽ 23 ഓടകൾ ഉണ്ട്. മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി ഇവയിൽ അടിയന്തര ശുചീകരണം ആവശ്യമുള്ളവ 18 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 6,76,615/- രൂപ ചെലവഴിച്ചു. കേരള റോഡ് ഫണ്ട് ബോർഡിന്റെ അധീനതയിൽ തിരുവനന്തപുരം നഗരത്തിൽ നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ വികസിപ്പിച്ച 42 കി.മി. റോഡുകളിൽ ആകെ 69 കലുങ്കുകളും 81770 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ഓടകളും നിർമ്മിച്ചിട്ടുണ്ട് . പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ നടപ്പിലാക്കിയ പദ്ധതിയായതിനാൽ 15 വർഷക്കാലത്തേക്ക് പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ റോഡുകളുടെയും പൂർണ്ണ പരിപാലന ചുമതല പദ്ധതിയുടെ കൺസഷണർ കമ്പനിയായ തിരുവനന്തപുരം റോഡ് ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡിൽ നിക്ഷിപ്തമാകയാൽ ടി റോഡുകളിലെ എല്ലാ കലുങ്കുകളും, ഓടകളും കമ്പനിയുടെ നേതൃത്വത്തിൽ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി വൃത്തിയാക്കിയിട്ടുള്ളതാണ്. ടി റോഡുകളുടെ |

| | | | |
|---|---|---|---|
| | | | പരിപാലന ചുമതല കൺസഷണർ കമ്പനിയിൽ നിക്ഷിപ്തമായതിനാൽ മഴക്കാല ശുചീകരണ പ്രവൃത്തികൾ ടി റോഡുകളിൽ നടത്തുന്നതിന് സർക്കാരിൽ നിന്ന് ചെലവുകൾ ഒന്നും തന്നെ ഉണ്ടാകുന്നില്ല. |
| (ബി) | മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി ഇവയിൽ എത്രയെണ്ണം വൃത്തിയാക്കി എന്ന് വിശദമാക്കാമോ; ഇതിനായി എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ? | (ബി) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ നഗരത്തിൽ 119 റോഡുകളിൽ ഓടയുണ്ട്. ഇതിൽ വെള്ളക്കെട്ട് ഉണ്ടാകുന്ന ഭാഗങ്ങളിലെ 76 റോഡുകളിൽ ഓടകൾ ശുചിയാക്കി. 22 റോഡുകളിലെ ഓടകൾ മറ്റ് Project കളിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്നു. 21 റോഡുകളിൽ നിലവിൽ ഓടകൾ തടസ്സമില്ലാതെ പ്രവർത്തനക്ഷമമാണ്. മഴക്കാല ശുചീകരണ പ്രവൃത്തികൾ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളിൽ ഉൾപ്പെടുത്തി നവീകരിച്ചു വരുന്നതിനാൽ ബിൽ തയ്യാറാക്കുന്ന മുറക്ക് മാത്രമേ ചിലവാകുന്ന തുക അറിയുവാൻ കഴിയൂ. നിരത്ത് പരിപാലന വിഭാഗത്തിന് കീഴിൽ തിരുവനന്തപുരം നഗരത്തിൽ 23 ഓടകൾ ഉണ്ട്. മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി ഇവയിൽ അടിയന്തര ശുചീകരണം ആവശ്യമുള്ളവ 18 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 6,76,615/- രൂപ ചെലവഴിച്ചു. കേരള റോഡ് ഫണ്ട് ബോർഡിന്റെ അധീനതയിൽ തിരുവനന്തപുരം നഗരത്തിൽ നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ വികസിപ്പിച്ച 42 കി.മി. റോഡുകളിൽ ആകെ 69 കലുങ്കുകളും 81770 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ഓടകളും നിർമ്മിച്ചിട്ടുണ്ട് . പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ നടപ്പിലാക്കിയ പദ്ധതിയായതിനാൽ 15 വർഷക്കാലത്തേക്ക് പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ റോഡുകളുടെയും പൂർണ്ണ പരിപാലന ചുമതല പദ്ധതിയുടെ കൺസഷണർ കമ്പനിയായ തിരുവനന്തപുരം റോഡ് ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡിൽ നിക്ഷിപ്തമാകയാൽ ടി റോഡുകളിലെ എല്ലാ കലുങ്കുകളും, ഓടകളും കമ്പനിയുടെ നേതൃത്വത്തിൽ മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി വൃത്തിയാക്കിയിട്ടുള്ളതാണ്. ടി റോഡുകളുടെ പരിപാലന ചുമതല കൺസഷണർ കമ്പനിയിൽ നിക്ഷിപ്തമായതിനാൽ മഴക്കാല ശുചീകരണ പ്രവൃത്തികൾ ടി റോഡുകളിൽ നടത്തുന്നതിന് സർക്കാരിൽ നിന്ന് ചെലവുകൾ ഒന്നും തന്നെ ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ